# WEEKLY DEVOTION - November 2016

## THE GOD WHO CAME DOWN (ഇറങ്ങി വന്ന ദൈവം)

## Week 1



ഇറാക്കി തടവറയിൽ കഴിയുന്ന തന്റെ മകൻ ലഫ്റ്റനന്റ് റോബർട്ടിന് വേണ്ടി എപ്പോഴും പ്രാർത്ഥിക്കുന്ന അമ്മയായിരുന്നു കാത്‌ലീൻ. ജയിൽ മോചിതനായി മടങ്ങി വന്ന തന്റെ മകന്റെ വാക്കുകളിൽ നിന്ന് അവനെ രക്ഷിപ്പാൻ ഇറങ്ങി വന്ന ദൈവത്തെക്കുറിച്ച് ആ മാതാവ് മനസ്സിലാക്കി. വെള്ളം കിട്ടാതെ ദാഹിച്ചപ്പോഴും, അതിശൈത്യം മൂലം വിറച്ചപ്പോഴും ദൈവത്തോട്, വെള്ളത്തിനായും പുതപ്പിനായും യാചിച്ചപ്പോൾ അവ രണ്ടും തന്ന് സഹായിപ്പാൻ ദൈവം ആളെ അയച്ച വിധം ആ യുവാവ് കണ്ണുനീരോടെ വിവരിച്ചു. ജയിൽ കാവൽക്കാരൻ നൽകിയ ദാഹജലവും, അപരിചിതനായ ഒരു വ്യക്തി എറിഞ്ഞു കൊടുത്ത പുതപ്പിനെപ്പറ്റിയും മകൻ വിവരിക്കുമ്പോൾ ആ മാതാവ് മനസ്സിലാക്കിയത്, തന്റെ മകനു വേണ്ടി താൻ നിലവിളിച്ചപ്പോൾ “ ഇറങ്ങി വന്ന ദൈവത്തെ” അത്രെ.

മിസ്രേമിൽ നിന്ന് തന്റെ ജനമായ യിസ്രായേലിനെ വിടുവിച്ച് നല്ലതും വിശാലവുമായ ദേശത്ത് എത്തിക്കുവാൻ " ഞാൻ ഇറങ്ങി വന്നിരിക്കുന്നു" എന്നാണ് യഹോവ മോശയോട് അരുളിചെയ്തത്. (പുറ :3:8) ഇറങ്ങി വരുവാനുള്ള കാരണം തന്റെ ആദ്യജാതനായ യിസ്രായേലിനെ മിസ്രേമ്യർ ഞെരുക്കുന്ന ഞെരുക്കം യഹോവ കണ്ടതുമൂലമാണ്. അതുമൂലമുള്ള അവരുടെ നിലവിളി യഹോവയുടെ അടുക്കൽ എത്തുകയും ചെയ്തു. തന്റെ ജനത്തെ ഉപദ്രവിച്ച പീഢകൻ അറിയുന്നില്ല യിസ്രായേലിന്റെ ദൈവം ആരെന്ന്. അതിനാൽ യാക്കോബിൻ വല്ലഭന്റെ ഭുജബലത്താൽ മാത്രമേ യിസ്രായേലിനെ വിടുവിഷാൻ കഴിയുകയുള്ളു. അതിന് യഹോവയുടെ കരം നീട്ടിയേ മതിയാകുകയുള്ളു.

തന്റെ ജനത്തിന്റെ സങ്കടങ്ങൾ അറിയുന്ന ദൈവം ഇന്നും ജീവിക്കുന്നു. പലപ്പോഴും നാം സാഹചര്യത്തെ നോക്കി ഭയപ്പെടുന്നതിനാൽ നിരാശയും, സങ്കടവും നമ്മെ തകർക്കുന്നു. ഇത് സാത്താൻ നമ്മെ ഞെരുക്കുന്ന ഞെരുക്കമാണ്, നമ്മെ വേട്ടയാടുന്ന ദുഷ്ട ശക്തികൾ അറിയുന്നില്ല നാം അവന്റെ ആദ്യജാതന്മാരാണെന്ന്, അവന്റെ ഭുജബലത്താൽ യഹോവ ഒരു വലിയ വിടുതൽ നമുക്കായി ഒരുക്കുന്നു. വിടുതലിനായി യഹോവയാം ദൈവം ഇറങ്ങി വരണമെങ്കിൽ നാം നിലവിളിക്കണം എന്ന് മാത്രമല്ല ആ നിലവിളി ദൈവ സന്നിധിയിൽ എത്തുകയും വേണം.

രോഗത്താൽ തകർന്നവരും, തലമുറകളുടെ ഉയർച്ച തടഞ്ഞ് സന്തോഷിക്കുന്ന പിശാചിൽ നിന്ന് രക്ഷനേടുവാനുള്ള മാർഗ്ഗം ആഗ്രഹിക്കുന്നവരും ദൈവത്തോട് നിലവിളിക്കുകയാണ് വേണ്ടത്. മോശയെ അയച്ച് തന്റെ ജനത്തെ വിടുവിച്ചവനായ ദൈവം നമ്മെ തകർച്ചയിൽ നിന്ന് രോഗത്തിൽ നിന്ന് വിടുവിഷാൻ ഒരാളിനെ അയയ്ക്കും. യഹോവ ഇറങ്ങി വന്നത് തീയുടെ നടുവിലും, തീ മുൾപ്പടർപ്പിലും ആയിരുന്നു, ഭൂമി പൂർവ്വീകർ മൂലം ശാപഗ്രസ്ഥമായപ്പോഴാണ് മുള്ളും പറക്കാരയും ഭൂമിയിൽ ഉണ്ടായത്, എന്നാൽ തീയുടെ സാന്നിദ്ധ്യം മുൾപ്പടർപ്പിലുണ്ടായപ്പോൾ അവിടം വിശുദ്ധമായി എന്ന് യഹോവ മോശയോട് പറയുന്ന വാക്കുകളിൽ നിന്നുമാണ് നാം മനസ്സിലാക്കുന്നത് (പുറ : 3:5). അതായത് ഏത് ശാപത്തിന്റെയും, തകർച്ചയുടെയും അവസ്ഥ മാറി നാം അനുഗ്രഹിക്കപ്പെട്ടവരാകണമെങ്കിൽ ദൈവ സാന്നിദ്ധ്യം നമ്മുടെ ജീവിതത്തിൽ ഇറങ്ങി വന്നേ മതിയാകുകയുള്ളു, പുതിയ നിയമ യിസ്രായേലാകുന്ന നമ്മെ സകല ശാപത്തിൽ നിന്നും പാപത്തിൽ നിന്നും രക്ഷിഷാൻ പരിശുദ്ധാത്മാവാകുന്ന അഗ്നി നമ്മിൽ ജ്വലിഷാനായി പാപബോധത്തോടെ നമുക്ക് നിലവിളിയ്ക്കാം, " യഹോവേ ഇറങ്ങി വരണേമേ" എന്ന്. നമ്മുടെ രക്ഷകൻ നമ്മെ സഹായിഷാൻ നിശ്ചയമായും ഇറങ്ങി വരും. അതിനായി യാമങ്ങൾ തോറും പ്രാർത്ഥിഷാനുള്ള കൃപ ദൈവം തരട്ടെ.




## പ്രാർത്ഥന

പ്രീയ യേശുവേ ! ഞാൻ ആകുന്നവൻ ഞാനാകുന്നു എന്നരുളിച്ചെയ്തവൻ ഇറങ്ങി വന്ന് തന്റെ സാന്നിദ്ധ്യത്താൽ ഞങ്ങളെ നിറയ്ക്കുന്നതിനായി സ്തോത്രം. അസാദ്ധ്യതകളെ സാദ്ധ്യമാക്കുന്ന ദൈവത്തോട് നിലവിളിച്ച് പ്രാർത്ഥിപ്പാൻ ലജ്ജ യില്ലാത്ത നാവിനെ തരണമേ.

യേശുവിൻ നാമത്തിൽ തന്നെ,

ആമേൻ

Santhamma Varghese

Website: www.biblestudy.co.in
Email: biblestudy.co.in@gmail.com
Facebook: https://www.facebook.com/biblestudyind